**<u>വിവരാവകാശം / മറുപടി</u>**

**നം. C3/22132/17**

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 8..8..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

ശ്രീ. ജോഷി.പി.വൈ
പഞ്ഞിക്കാരൻ (വീട്)
വെള്ളിക്കുളങ്ങര.പി.ഒ.
തൃശൂർ - 680693

സർ,

വിഷയം :സാമൂഹ്യനീതി ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 - അപേക്ഷ മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :താങ്കളുടെ 6..7..17 തീയതിയിലെ അപേക്ഷ.

സൂചനയിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജില്ലാ സാമൂഹ്യനീതി ആഫീസ്, ജില്ലാ പ്രൊബേഷൻ ആഫീസ്, വിമൻപ്രൊട്ടക്ഷൻ ആഫീസ് എന്നിവിടങ്ങളിൽ അനുവദിച്ചിരിക്കുന്ന കരാർ വാഹനങ്ങൾക്ക് വാടക നിരക്ക് കൂട്ടി നൽകുന്നത് - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(സാധാ)നം.447/2016/സാനീവ തിരുവനന്തപുരം , തീയതി. 24/09/2016

==========================================================================

പരാമർശം : 1. സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ 26.07.2016 ലെ സി3/43414/15(1) നമ്പർ കത്ത്.

2. 08/08/2016 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിൻ കീഴിലെ വാഹനമില്ലാത്ത ജില്ലാ സാമൂഹ്യനീതി ആഫീസുകൾ, ജില്ലാ പ്രൊബേഷൻ ആഫീസുകൾ, വിമൻപ്രൊട്ടക്ഷൻ ആഫീസുകൾ എന്നിവിടങ്ങളിൽ കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനങ്ങൾ പ്രതിമാസം 17,000/-രൂപ നിരക്കിൽ 1500 കിലോമീറ്റർ വരെ എന്ന ക്രമത്തിൽ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനും പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിലെ ജില്ലാ പ്രൊബേഷൻ ആഫീസുകൾ, വിമൻപ്രൊട്ടക്ഷൻ ആഫീസുകൾ എന്നിവിടങ്ങളിൽ 1500 കിലോമീറ്ററിന് 20,000/- രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററുകൾക്ക് 12/-രൂപ നിരക്കിൽ 2500 കിലോമീറ്റർ വരെയും മറ്റ് ജില്ലകളിൽ 1500 കി.മീ. വരെ 17,000/- രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററുകൾക്ക് 10/- രൂപ നിരക്കിൽ 2500 കിലോമീറ്റർ വരെയുമാണ് വാടക നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മേൽ വിവരിച്ച നിരക്കിൽ കരാറടിസ്ഥാനത്തിൽ വാഹനമെടുക്കുന്നതിന് പല കാര്യാലയങ്ങളും ടെൻഡർ ക്ഷണിച്ചുവെങ്കിലും ടി ടെൻഡർ കൈക്കൊള്ളാൻ വാഹന ഉടമകൾ ആരും തന്നെ ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും ഈ വിഷയത്തിൽ കാലോചിതമായ പരിഷ്കരണം അനിവാര്യമായതിനാൽ ജില്ലാ സാമൂഹ്യനീതി ആഫീസുകളിലേക്ക് അനുവദിച്ചിരിക്കുന്ന കരാർ വാഹനങ്ങൾക്ക് 1500 കിലോമീറ്റർ വരെ 25,000/-രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററിന് (പരമാവധി 1750 കി.മീ.വരെ) സർക്കാർ നിരക്കിലും, വാഹന വാടക പുതുക്കി അനുവദിക്കുകയും, പ്രൊബേഷൻ ആഫീസുകൾ, വനിതാ പ്രൊട്ടക്ഷൻ ആഫീസുകൾ എന്നിവയുടെ കാര്യത്തിൽ വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകൾക്ക് അനുവദിച്ചിരിക്കുന്ന കരാർ വാഹനങ്ങൾക്ക് 1500 കിലോമീറ്റർ വരെ 25,000/- രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററിന് (പരമാവധി 2000 കി.മീ.വരെ) സർക്കാർ നിരക്കും, മറ്റു ജില്ലകളിൽ 1500 കി.മീ വരെ 23,000/-രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററിന് (പരമാവധി 2000 കി.മീ വരെ) സർക്കാർ നിരക്കിലും വാടക നിശ്ചയിച്ചുകൊണ്ട് ഉത്തരവാകണമെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ

സമർപ്പിച്ച 8.08.2016-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ജില്ലാ സാമൂഹ്യനീതി ആഫീസുകളിലേക്ക് അനുവദിച്ചിരിക്കുന്ന കരാർ വാഹനങ്ങൾക്ക് 1500 കിലോമീറ്റർ വരെ 25,000/-രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററിന് (പരമാവധി 1750 കി.മീ.വരെ) സർക്കാർ നിരക്കിലും, വാഹന വാടക പുതുക്കി അനുവദിക്കുകയും, പ്രൊബേഷൻ ആഫീസുകൾ, വനിതാ പ്രൊട്ടക്ഷൻ ആഫീസുകൾ എന്നിവയുടെ കാര്യത്തിൽ വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകൾക്ക് അനുവദിച്ചിരിക്കുന്ന കരാർ വാഹനങ്ങൾക്ക് 1500 കിലോമീറ്റർ വരെ 25,000/-രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററിന് (പരമാവധി 2000 കി.മീ.വരെ) സർക്കാർ നിരക്കും, മറ്റു ജില്ലകളിൽ 1500 കിലോമീറ്റർ വരെ 23,000/-രൂപയും, അധികരിച്ചു വരുന്ന കിലോമീറ്ററിന് (പരമാവധി 2000 കി.മീ.വരെ) സർക്കാർ നിരക്കിലും വാടക നിശ്ചയിക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേക്കാവശ്യമായ 97,68,000/-രൂപ (തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അറുപത്തിയെണ്ണായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-001-96 Plan – other items എന്ന ശീർഷകത്തിൽ നിന്നു വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ))കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സാമൂഹ്യനീതി (എ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - വാഹനമില്ലാത്ത ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിലും സെല്ലുകളിലും വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ (സാധാ) നം. 348/2010/സാക്ഷേവ                തീയതി, തിരുവനന്തപുരം, 04.08.2010.

---

പരാമർശം : 1) കേന്ദ്ര സർക്കാരിന്റെ 05.05.2010-ലെ 9-3/2008/സിഡി III നമ്പർ കത്ത്
2) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 25.06.2010-ലെ സി3/10322/10 നമ്പർ കത്ത്

## ഉത്തരവ്

സാമൂഹ്യക്ഷേമ വകുപ്പിലെ വാഹനമില്ലാത്ത ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിലും ഐ.സി.ഡി.എസ് സെല്ലുകളിലും വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് 2009-10 സാമ്പത്തിക വർഷത്തിലേതെന്നപോലെ നടപ്പ് സാമ്പത്തിക വർഷവും 2.15 ലക്ഷം രൂപയിൽ കവിയാത്ത തുക വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 45 ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിലും ഒരു ഐ.സി.ഡി.എസ്. സെല്ലിലും പ്രതിവർഷം 2.15 ലക്ഷം രൂപ നിരക്കിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം (2)-ലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിൽ പരാമർശിക്കുന്ന 45 ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിലും ഒരു ഐ.സി.ഡി.എസ്. സെല്ലിലും പ്രതിവർഷം 2.15 ലക്ഷം രൂപ നിരക്കിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ഇനത്തിലുണ്ടാകുന്ന ചെലവ് നടപ്പ് സാമ്പത്തിക വർഷം '2235-02-102-58-05-04 അദർ ഐറ്റംസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. ഉഷാ ടൈറ്റസ്,
സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

23371

സാമൂഹ്യനീതി വകുപ്പ് – പ്രൊബേഷൻ ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് എടുത്തുപയോഗിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ. (സാധാ) നം. 318/2014 /സാ.നീ.വ. തീയതി, തിരുവനന്തപുരം: 06.05.2014.

പരാമർശം:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 28.03.2014-ലെ സി-3/12327/14 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർമാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടതായിട്ടുണ്ടെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വാഹനം അനിവാര്യമായ പ്രസ്തുത ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് എടുത്തുപയോഗിക്കാൻ അനുമതി നൽകണമെന്ന പ്രൊപ്പോസലും അതിനായുള്ള നിബന്ധനകളും പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. 25.04.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ, വകുപ്പിൽ ആകെയുള്ള 16 പ്രൊബേഷൻ ഓഫീസുകളിൽ, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ പ്രൊബേഷൻ ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് എടുത്തുപയോഗിക്കുന്നതിന് 1500 കിലോമീറ്ററിന് 17,000/- രൂപയും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും 10 രൂപ നിരക്കിൽ പരമാവധി 2500 കിലോമീറ്റർ വരെയും നിരക്കിലും പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ പ്രൊബേഷൻ ഓഫീസർമാർക്ക് 1500 കിലോമീറ്ററിന് 20,000/- രൂപയും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും 12 രൂപ നിരക്കിൽ പരമാവധി 2500 കിലോമീറ്റർ വരെയും നിരക്കിലും വാഹനം വാടകയ്ക്ക് എടുത്തുപയോഗിക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി 38,40,000/- രൂപ (മുപ്പത്തിയെട്ട് ലക്ഷത്തി നാൽപ്പതിനായിരം രൂപാ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

3. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-101-001-96P (പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പ്ലാനിംഗ് (ഇ.എ) വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റിൽ അനുവദിച്ചിരിക്കുന്ന കരാർ വാഹനങ്ങൾക്ക് വാടക നിരക്ക് വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.43/2016/സാനീവ  തിരുവനന്തപുരം, തീയതി, 23.01.2016

പരാമർശം : 1. സ.ഉ (സാധാ) നം. 491/2014/സാനീവ തിയതി 06.08.2014
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 25.11.2015 ലെ C3-24176/15 നമ്പർ കത്ത്
3. 27.11.2015 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ വരുന്ന ഐ.സി.ഡി.എസ് അനക്സ് ആഫീസിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി രണ്ട് വാഹനം പ്രതിമാസം 2000 കിലോമീറ്ററിന 22,000/- രൂപയും അധികമായി വരുന്ന ഓരോ കിലോമീറ്ററിനും 10/- രൂപ നിരക്കിൽ പരമാവധി 2500 കിലോമീറ്റർ വരെയും ഉപയോഗിക്കുന്നതിന് വകുപ്പിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ കരാർ വാഹനങ്ങൾക്ക് 2000 കിലോമീറ്റർ വരെ 25000/- രൂപ നിരക്കിലും അധികരിച്ച വരുന്ന കിലോമീറ്ററിന് ( പരമാവധി 2500 കിലോമീറ്റർ വരെ) സർക്കാർ നിരക്കിലും വാഹനവാടക കാലോചിതമായി പുതുക്കി അനുവദിക്കണമെന്ന് പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കരാർ വാഹനങ്ങൾക്ക് 2000 കിലോമീറ്റർ വരെ 25000/- രൂപ നിരക്കിലും അധികരിച്ച വരുന്ന കിലോമീറ്ററിന് (പരമാവധി 2500 കിലോമീറ്റർ വരെ) സർക്കാർ നിരക്കിലും വാഹനവാടക പുതുക്കി അനുവദിച്ച് ഉത്തരവാകുന്നു. ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-102-98-01-05-04-plan- other item എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയാ വിഭാഗം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - നിർഭയ സെല്ലിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്തുപയോഗിച്ച നടപടിയ്ക്ക് സാധൂകരണവും തുടർന്ന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.741/2014/സാനീവ      തീയതി, തിരുവനന്തപുരം 12.12.2014

---

പരാമർശം: സാമൂഹ്യനീതി ഡയറക്ടറുടെ 28/11/2013 - ലെയും 30/10/2014 - ലെയും സി 3-10649/13 നമ്പർ കത്തുകൾ.

**ഉത്തരവ്**

നിർഭയ സെല്ലിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി ഒരു വാഹനം പ്രതിമാസം 2000 കിലോമീറ്ററിന് 20,000/- രൂപയും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും 10/- രൂപ നിരക്കിലും വാടകയ്ക്ക് എടുത്തുപയോഗിച്ച നടപടിയ്ക്കും ടി ആവശ്യത്തിലേയ്ക്കുള്ള ചെലവ് സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തുരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 14907 ൽ നിന്നും ചെലവഴിച്ച നടപടിയ്ക്കും സാധൂകരണം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. കൂടാതെ തുടർന്നും നിർഭയ സെല്ലിൽ കരാർ അടിസ്ഥാനത്തിൽ ഒരു വാഹനം ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള ചട്ടവിരുദ്ധമായ നടപടികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന താക്കീതോടെ നിർഭയ സെല്ലിനായി പ്രതിമാസം 2000 കിലോമീറ്ററിന് 20,000/- രൂപയും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും 10/- രൂപ നിരക്കിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയ സാമൂഹ്യനീതി ഡയറക്ടറുടെ നടപടി സാധൂകരിച്ചും തുടർന്നും നിർഭയ സെല്ലിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി പരമാവധി 25,000/- രൂപ പ്രതിമാസം പരിധി നിശ്ചയിച്ച് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ലീലാമണി. കെ.എം**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നമ്പർ.94405/WW3/14/Fin.തീയതി, 27/11/2014 പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**കരുതൽഫയൽ , ഓഫീസ് പകർപ്പ്.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

Vijay

33818

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ജില്ലാതല ICDS സെൽ, ICDS പ്രോജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുക്കുന്നത് - വാടക നിരക്ക് വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.458/2016/സാനീവ തീയതി, തിരുവനന്തപുരം, 28.09.2016**

---

പരാമർശം: - (1) സാമൂഹ്യനീതി ഡയറക്ടറുടെ 26.07.2016 ലെ സി3-43414/15 നമ്പർ കത്ത്

(2) 08.08.2016 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സ്വന്തമായി വാഹനമില്ലാത്ത ജില്ലാതല ICDS സെൽ, ICDS പ്രോജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുത്താണ് ഉപയോഗിക്കുന്നത്. ജില്ലാതല ICDS സെല്ലുകളിൽ പ്രതിമാസം 1,500 കി.മീ. വരെ ₹17,000/- നിരക്കിലും, ICDS പ്രോജക്ടുകളിൽ പ്രതിമാസം 1,000 കി.മീ. വരെ ₹15,000/- നിരക്കിലും അധികരിച്ച് വരുന്ന ഓരോ കിലോമീറ്ററിനും ₹8/- നിരക്കിലുമാണ് (പരമാവധി ₹17,000/-) കരാർ വാഹനങ്ങൾക്ക് നിലവിൽ വാടക നിശ്ചയിച്ചിരിക്കുന്നത്. വർദ്ധിച്ച് വരുന്ന ഇന്ധന വില, വാഹന മെയിന്റനൻസ്, ഡ്രൈവർമാരുടെ ശമ്പള ചെലവുകൾ എന്നിവ കാരണം ഈ നിരക്കിൽ ടെണ്ടർ എടുക്കുന്നതിന് ആരും തയ്യാറാകുന്നില്ല എന്നാണ് സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരിക്കുന്നത്. ജില്ലാതല ICDS സെല്ലുകളിൽ പ്രതിമാസം 1,500 കി.മീ. വരെ ₹25,000/- നിരക്കിലും, ICDS പ്രോജക്ടുകളിൽ പ്രതിമാസം 1,500 കി.മീ. വരെ ₹20,000/- നിരക്കിലും അധികരിച്ച് വരുന്ന ഓരോ കിലോമീറ്ററിനും ₹10/- നിരക്കിലും (പരമാവധി 1,750 കി.മീ.) വാടക നിശ്ചയിച്ചാൽ മാത്രമേ കരാർ വാഹനങ്ങൾ ലഭിക്കുകയുള്ളൂ എന്നും ആയതിനാൽ, ഈ നിരക്കിൽ വാഹനങ്ങൾക്ക് വാടക ഉയർത്തി അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-47 Plan--97-Hiring of Vehicles എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് വഹിക്കാവുന്നതാണ് എന്നും സാമൂഹ്യനീതിഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) 08.08.2016 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ ശുപാർശ പരിഗണിക്കുകയും നഗര പ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും 750 കി.മീ. വരെ ₹15,000/- നിരക്കിലും, മലയോര പ്രദേശങ്ങളിൽ 1,000 കി.മീ. വരെ ₹18,000/- നിരക്കിലും, ഗ്രാമ പ്രദേശങ്ങളിൽ 1,000 കി.മീ. വരെ ₹17,000/- നിരക്കിലും വാടക നിശ്ചയിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വന്തമായി വാഹനമില്ലാത്ത ജില്ലാതല ICDS സെൽ, ICDS പ്രോജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുക്കുന്നതിനായി വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്നതിന്, നഗര പ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും 750 കി.മീ. വരെ ₹15,000/- നിരക്കിലും, മലയോര പ്രദേശങ്ങളിൽ 1,000 കി.മീ. വരെ

/- നിരക്കിലും, ഗ്രാമ പ്രദേശങ്ങളിൽ 1,000 കി.മീ. വരെ ₹17,000/- നിരക്കിലും വാട യിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഈ സാമ്പത്തിക വർഷത്തെ 2235-02-102-47(P)-97 g of Vehicles എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിന് ണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ**
**സെക്രട്ടറി**

സാമൂഹ്യനീതിഡയറക്ടർ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ